**Editorial**

# Technological Knowledge and Women's Participation

**Prof.(Dr) Shamshad Hussain KT**

Technological knowledge is indispensable in today's digital era. Not only education but also activities related to everyday life, health and welfare , literary and creative activities of the people- are one way or other depend on it. For students, studies and new enterprises are depended on digital technology. UNICEF (United Nations International Children's Emergency Fund)) observed that gender discrimination exists in the world of digital technology. Compared to boys, girls have less access to use of digital technology. Digital products and services are always aims at male consumers. Thus, even at the time of framing digital platform, unknowingly they intend male consumers. Naturally, women are excluded from digital platforms and it reduces chances of women from using it. The motto of this year's women's day was to ensure their equality through and in producing digital tools.

The Supreme Court of India has taken a to ensure gender equality at pragmatic level. The decision was announced by Justice Chandrachud in a function organized by women Advocates for Women's Day celebrations. The decision was to prepare a glossary of inappropriate gendered terms used in legal discourse.

The word 'concubine' is an example. The word 'keep' in Malayalam stands for concubine. Gender discrimination exists not

only in legal profession and in the society but also in language-opines Chief Justice Chandrachud. These terms indicate gender discrimination. Women who are in relationship with men are described as 'keep' or 'concubine' in court verdicts. Rectifying it does not in any way degrade those who make the verdict; but it aims to correct the concepts internalised by us.

The word 'keep' indicates that power, privilege and pleasure in a relationship belonged to man. Women are considered as objects. It is easy to stigmatize women in these kinds of emotional or any kind of relationship involving man and woman. If we describe the man-woman relationship without using the word 'keep', there is much difference. An enquiry or research into the terms which are used to abuse women would definitely lead to challenging and transgressing society's concepts on morality.

**Prof.(Dr) Shamshad Hussain KT**
Editor
Ishal Paithrkam
ORCID: 0000-0002-2757-3575

**എഡിറ്റോറിയൽ**

# സാങ്കേതികവിദ്യയും സ്ത്രീ പങ്കാളിത്തവും

**ഡോ. ഷംഷാദ് ഹുസൈൻ കെ.ടി**

ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ വിദ്യാഭ്യാസം മാത്രമല്ല നിത്യവൃത്തികളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും, ആരോഗ്യം ക്ഷേമം ഇവക്കും, വ്യക്തികളുടെ സൃഷ്ടിപരവും സർഗ്ഗാത്മക പ്രവർത്തനങ്ങൾക്കും വരെ നാം സാങ്കേതികവിദ്യയെ ആശ്രയിക്കുന്നുണ്ട്. വിദ്യാർഥികളെ സംബന്ധിച്ചിടത്തോളം പഠനങ്ങളും പുതിയ സംരംഭങ്ങളുമെല്ലാം ഡിജിറ്റൽ സാങ്കേതിക വിദ്യയെ ആശ്രയിച്ചാണ് നിൽക്കുന്നത്. ഡിജിറ്റൽ ഉപയോഗത്തിൽ ലിംഗഭേദം ഉണ്ടോ എന്നതിന് യൂനിസെഫ് (United Nations International Children's Emergency Fund) ഉണ്ട് എന്ന് ഉത്തരം പറയുന്നു. ആൺകുട്ടികളെക്കാൾ ഡിജിറ്റൽ സാങ്കേതിക വിദ്യയിലേക്കുള്ള പ്രവേശനവും ഉപയോഗവും പെൺകുട്ടികൾക്ക് കുറവാണത്രേ. ഡിജിറ്റൽ ഉൽപ്പന്നങ്ങളും സേവനങ്ങളും പലപ്പോഴും ലക്ഷ്യംവെക്കുന്നത് ആൺകുട്ടികൾ ആയ ഉപഭോക്താക്കളെയാണ്. ഇങ്ങനെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ രൂപകല്പന ചെയ്യുമ്പോൾപോലും അറിയാതെയെങ്കിലും അത് ആൺ ഉപഭോക്താക്കൾക്ക് വേണ്ടി ആയി പോകുന്നു. അങ്ങനെ പെൺകുട്ടികൾ സ്വാഭാവികമായും പുറത്താവുകയും അവർക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കാനുള്ള സാധ്യത കുറയുകയും ചെയ്യുന്നു. അതിനാൽ പെൺകുട്ടികളെ ഒന്നാമതായി കണക്കിലെടുത്തുകൊണ്ടുള്ള ഡിജിറ്റൽ സാങ്കേതിക ഉപകരണങ്ങളുടെ നിർമ്മാണവും അതിലൂടെ സ്ത്രീ സമത്വം ഉറപ്പുവരുത്തുക എന്നതാുമായിരുന്നു ഇപ്രാവിശ്യത്തെ വനിതാദിനത്തിന്റെ മോട്ടോ (motto).

സുപ്രീംകോടതിയിലും ഇപ്രാവശ്യം വളരെ പ്രായോഗികമായ ഒരു തീരുമാനം ഉണ്ടായി. സ്ത്രീകൾക്കെതിരായ ഭാഷാപ്രയോഗ

ങ്ങളെ കണ്ടെത്തി ആവ ഒഴിവാക്കാനുള്ള നിൽദ്ദേശമായിരുന്നു അത്. സുപ്രീംകോടതിയിലെ വനിതാ അഭിഭാഷകർ സംഘടിപ്പിച്ച അന്താ രാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് നടന്ന ചടങ്ങിൽ പങ്കെടു ത്തപ്പോൾ ജസ്റ്റിസ് ചന്ദ്രചൂഡ് ആണ് ഈ പ്രഖ്യാപനം നടത്തിയത്. inappropriate genderd terms used in leagal discourse ന്റെ ഒരു ഗ്ലോസ റി തയ്യാറാക്കാനും അത്തരം വാക്കുകളുപയോഗിക്കുന്നത് തിരുത്താനുമായിരുന്നു തീരുമാനം.

'Concubine' എന്ന വാക്ക് ഒരു ഉദാഹരണമാണ്. മലയാള ത്തിൽ വെപ്പാട്ടി എന്നതിന് സമാനമായി ഉപയോഗിക്കുന്ന വാക്കാ ണിത് സമൂഹത്തിലും നിയമ മേഖലയി(legal professional)ലും മാ ത്രമല്ല, ഭാഷയിൽ പോലും ഈ പക്ഷപാതം നിലനിൽ പ്പുണ്ടെന്നതിന്റെ തെളിവായാണ് അദ്ദേഹം ഇതെടുത്തു പറയുന്ന ത്. അതാണ് ഇത്തരം പദങ്ങളുടെ പ്രയോഗത്തിലും കാണുന്നത്. പുരുഷനുമായി ബന്ധത്തിലുള്ള സ്ത്രീകളെക്കുറിച്ച് keep എന്നും concubine എന്നും പല വിധിന്യായങ്ങളിലും പ്രയോഗിച്ചുകാണാം. അവ തിരുത്തുന്നത് അതെഴുതിയ വിധികർത്താക്കളെ കുറച്ചു കാ ണിക്കാനല്ല, നമ്മളറിയാതെ തന്നെ നാം ആന്തരിക വൽക്കരിച്ച ധാ രണകളെ തിരുത്തുന്നതിനുവേണ്ടിയാണ്.

വെപ്പാട്ടി എന്ന പ്രയോഗത്തിൽ തന്നെ ഈ ബന്ധത്തിന്റെ അധികാരവും എല്ലാ പ്രത്യേക അവകാശങ്ങളും (privilage) സന്തോ ഷവുമെല്ലാം പുരുഷനുള്ളതാണ് എന്നുറപ്പിക്കുന്നത് കാണാം. അ തിനുള്ള വിഷയം (object) മാത്രമായാണ് സ്ത്രീയെ കാ ണക്കാക്കുന്നത്. രണ്ട് വ്യക്തികൾ തമ്മിലുള്ള വൈകാരികമോ അ ല്ലാതെയോ ഉള്ള ബന്ധത്തിൽ നിന്ന് ഒരാളെ എളുപ്പത്തിൽ പുറ ത്താക്കാനിതിന് കഴിയുന്നു. അത് മാറ്റി അയാൾ എങ്ങനെ ഒരു ബ ന്ധത്തി(relation)ലാണ് എന്ന് പറയുമ്പോഴുള്ള വ്യത്യാസം വളരെ പ്രധാനപ്പെട്ടതുതന്നെയാണ്. സ്ത്രീകളെ നിന്ദിക്കുന്ന ഇത്തരം പ ദാവലികളെകുറിച്ചുള്ള അന്വേഷണം സമൂഹത്തിൽ ഇതുമായി ബ ന്ധപ്പെട്ടുനിൽക്കുന്ന സദാചാര സങ്കൽപങ്ങളെ കൂടി ചോദ്യം ചെ യ്യുന്നതിനും അട്ടിമറിക്കുന്നതിനും കാരണമാവുമെന്ന് ഞാൻ കരു തുന്നു.

**ഡോ. ഷംഷാദ് ഹുസൈൻ കെ.ടി**
എഡിറ്റർ
ഇശൽ പൈതൃകം
ORCID: 0000-0002-2757-3575